2009 സെപ്ററംബറിൽ Regularisation നു വേണ്ടി അപേക്ഷിച്ചിട്ടുള്ള 33000 പേരിൽ 18000 പേരെ ഇതിനകം വിളിച്ചുകഴിഞ്ഞു. ദിവസ്സവും 400 പേരെയാണ്് വിളിക്കുന്നത്. 2010 ജൂലയ്ക്കു മുമ്പ് എല്ലാവരേയും വിളിക്കുമെന്നാണ്് പറയുന്നത്. Via Ostiense യിലെ കേന്ദ്ര ഓഫീസിലും, INPS ൻെറ Aurelio, Eur, Flaminio, Tuscolano എന്നിവിടങ്ങളിലെ ഓഫീസുകളിലും Casal Bertone യിലെ ജില്ലാ തൊഴിൽ ഓഫീസിലും നിന്നാണ്് വിളിക്കുന്നത്. വിളിച്ചാൽ തൊഴിൽ ദാതാവ് ഹാജരായിരിക്കണം. തൊഴിലാളിയെ പിരിച്ചു വിട്ടാലൂം തൊഴിൽദാതാവും തൊഴിലാളിയും ഒരുമിച്ച് ഹാജരാകണം; ഹാജരായില്ലെങ്കിൽ നിയമവിരുദ്ധമായി ജോലിക്കു ആളെ എടുത്തതിനു തൊഴിൽ ദാതാവിനെതിരെ നടപടി ഉണ്ടാകും. 5000 യൂറോയും മൂന്നുമാസത്തെ ജയിലും ആണ്് ശിക്ഷ. ഹാജരായാൽ തൊഴിലാളിക്കു മറെറാരു തൊഴിൽ കണ്ടുപിടിക്കുവാൻ വേണ്ടി മൂന്നുമാസത്തേക്കു വീസ കൊടുക്കും തൊഴിലാളിക്കു നിയമമനുസരിച്ചുള്ള മററു ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരക്കും. വിളിക്കുന്നതിനു മുമ്പ് പിരിച്ചുവിടപ്പെടുന്ന തൊഴിലാളി എത്രയും വേഗം ഒരു കത്ത് (Registered with A.D.) തൊഴിലുടമയ്ക്കു് അയക്കണം. വിളിക്കുമ്പോൾ തൊഴിലുടമ ഹാജരായില്ലെങ്കിൽ ഈ കത്തിൻെറ കോപ്പി Questura യിൽ കാണിച്ച് soggiorno in attesa di occupazione യ്ക്കു അപേക്ഷിക്കാം. ഹാജരായാലും ഇല്ലെങ്കിലും പിരിച്ചുവിട്ട തിയതി വരെയുള്ള INPS വിഹിതം അടക്കണം. 500 യൂറോ അടച്ച തിയതി മുതൽ തൊഴിലാളിക്ക് Azienda Sanitaria Locale ASL (Circular of the Home Minister, dated 23.12.09) ലിൽ പേരു ചേർക്കാം

നേരിട്ട് ഹാജരാകാതിക്കുവാൻ തക്കതായാ കാരണം (അസ്സുഖം) ഉണ്ടെങ്കിൽ മെഡിക്കൽ സർട്ടിഫിക്കററ് ഹാജരാക്കണം; കൂടാതെ 2009 ഏപ്രിൽ ഒന്നു മുതൽ badante യെ ആവശ്യമായിരുന്നു എന്നും സർട്ടിഫിക്കററു നത്കണം. പകരക്കാരനെ നിയമപരമായി ചുമതലപ്പെടുത്തുന്ന കത്തും വേണം. തൊഴിൽ ദാതാവു മരണപ്പെട്ടാൽ മരണസർട്ടിഫിക്കററു ഹാജരാക്കി അവകാശികളിൽ (una persona di famiglia: il coniuge, i figli, o i parente in linea retta o collaterale fino al terzo grado) ആർക്കെങ്കിലും ഉടമ്പടിയിൽ ഒപ്പുവയ്ക്കാം.